LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. 18-8-2012-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1289/2012/തൊഴിൽ ഉത്തരവ് പ്രകാരം കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തുന്നതിനായി ശ്രീ. എ. എസ്. ശശി പ്രകാശ്, ഡെപ്യൂട്ടി ലേബർ കമ്മീഷണർ, എറണാകുളത്തെ ചുമതലപ്പെടുത്തുകയും കമ്മീഷൻ അന്വേഷണം പൂർത്തിയാക്കി 29-9-2012-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. ടി റിപ്പോർട്ടിൽ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിൽ ബോർഡ് വീഴ്ച വരുത്തിയതായി കണ്ടെത്തിയതിനാൽ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി നിയമം 19(1) അനുശാസിക്കുന്ന പ്രകാരം ബോർഡ് പിരിച്ചു വിടാതിരിക്കാൻ കാരണം കാണിക്കൽ നോട്ടീസ് നല്കുകയും ചെയ്തു. ആയതിന് ബോർഡ് നല്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ തുടർനടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

(ബി) ഉണ്ട്. സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1305/2013/തൊഴിൽ പ്രകാരം 500 രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ 12/2013 വരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി ഒരു കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(സി) പര്യാപ്തമല്ല. എന്നാൽ അംശദായം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം

155 (8215) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുകയും കൃത്യമായി ക്ഷേമനിധി സംഖ്യ അടയ്ക്കുകയും ചെയ്യുന്ന എത്ര ടാക്സി-ഓട്ടോറിക്ഷ തൊഴിലാളികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ക്ഷേമനിധിയിൽ ഉടമ വിഹിതം അടയ്ക്കുന്ന എത്ര ടാക്സി-ഓട്ടോറിക്ഷ ഉടമകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) 2013-14 സാമ്പത്തിക വർഷത്തിൽ ടാക്സി-ഓട്ടോ മേഖലയിൽ നിന്നുമായി പ്രസ്തുത ക്ഷേമനിധിയിൽ എത്ര തുക വീതം തൊഴിലാളി വിഹിതമായും തൊഴിലുടമ വിഹിതമായും ലഭിച്ചെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുക്കുകയും കൃത്യമായി ക്ഷേമനിധി സംഖ്യ അടയ്ക്കുകയും ചെയ്യുന്ന 1,27,667 ടാക്സി തൊഴിലാളികളും 3,02,615 ഓട്ടോറിക്ഷാ തൊഴിലാളികളും നിലവിലുണ്ട്.

(ബി) കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ ഉടമാ വിഹിതം അടയ്ക്കുന്ന 1,72,992 ടാക്സി ഉടമകളും 4,69,171 ഓട്ടോറിക്ഷ ഉടമകളും നിലവിലുണ്ട്.

(സി) 2013-14 സാമ്പത്തിക വർഷത്തിൽ ടാക്സി ഓട്ടോ മേഖലയിൽനിന്നും തൊഴിലാളി വിഹിതമായും തൊഴിലുടമ വിഹിതമായും ലഭിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ടാക്സി

തൊഴിലാളി വിഹിതം - 41,14,260 രൂപ

തൊഴിലുടമ വിഹിതം - 9,97,53,657 രൂപ

ഓട്ടോറിക്ഷ

തൊഴിലാളി വിഹിതം - 4,60,80,020 രൂപ

തൊഴിലുടമ വിഹിതം - 13,94,18,642 രൂപ

ഡോ. ബലരാമൻ കമ്മിറ്റി റിപ്പോർട്ട്

156 (8216) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഡോ. ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ നഴ്സ്-രോഗി അനുപാതം, ആശുപത്രിയിൽ നഴ്സുമാർക്ക് ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ ശിപാർശകൾ നടപ്പിലാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly